**പത്രക്കുറിപ്പ്**
**09.06.2017**

## കുടുംബശ്രീക്ക് ദേശീയ അവാർഡ്

തിരുവനന്തപുരം: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ മികച്ച രീതിയിൽ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ നടപ്പാക്കിയതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ അവാർഡ് കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്. ജൂൺ 19 ന് ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ അവാർഡ് സമ്മാനിക്കും.

ഗുജറാത്ത്, ഒഡീഷ, കർണാടക, മഹാരാഷ്ട്ര, ആസാം, രാജസ്ഥാൻ, ഗോവ, സിക്കിം, ത്രിപുര, ബീഹാർ, ഝാർഖണ്ഡ്, ഛത്തീസ്ഘട്ട് തുടങ്ങി പന്ത്രണ്ട് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലുമാണ് നിലവിൽ കുടുംബശ്രീ മാതൃക നടപ്പാക്കിവരുന്നത്.

പഞ്ചായത്ത്രാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനവും സംയോജിപ്പിച്ചുള്ള വികസന പ്രവർത്തനങ്ങളാണ് കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ ഈ സംസ്ഥാനങ്ങളിൽ നടപ്പാക്കിവരുന്നത്. ഇതുപ്രകാരം അയൽക്കൂട്ട രൂപീകരണവും ഉപജീവന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുകയുമാണ് പ്രധാന പ്രവർത്തനങ്ങൾ. വിവിധ സംസ്ഥാനങ്ങളിലെ ദരിദ്രഗ്രാമങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമായി നടപ്പാക്കുന്നതു വഴി ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി അവരെ മികച്ച സംരംഭകരാക്കുന്നതിനും അവർക്ക് സാമ്പത്തിക പുരോഗതി നേടിക്കൊടുക്കുന്നതിനും കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തന മികവ് മുൻനിർത്തിയാണ് കുടുംബശ്രീക്ക് ദേശീയ അവാർഡ്.

2012ലാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ കുടുംബശ്രീയെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിക്കുന്നത്. ഇതു പ്രകാരം ബീഹാറിലായിരുന്നു ആദ്യ പ്രവർത്തനങ്ങൾ. തുടർന്ന് 2013ൽ കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**